
ബ്രിട്ടനിലെ പത്രപ്രവർത്തകരുടെ ഏററവും വലിയ സംഘടനയായ എൻ. യു. ജെ. (നാഷണൽ യൂനിയൻ ഓഫ് ജണ്ണലിസ്റ്റ്സ്) ഒക്ടോബർ 28-ാം നു ഞങ്ങൾ സന്ദർശിച്ചു. സിക്രട്ടറി മി. പ്ലാൻറ് ഞങ്ങളെ സ്വീകരിയ്ക്കുകയും, യൂനിയൻ പ്രവർത്തനങ്ങൾ വിവരിച്ചുതരുകയും ചെയ്തു. എൻ. യു. ജെ.യിൽ 14,500 ഓളം അംഗങ്ങളുണ്ട്. ഇതൊരു രജിസ്റ്റർചെയ്ത ട്രെയ്ഡ് യൂനിയനാണ്. യൂറോപ്പിലെ കോമൺവെൽത്തിലോ ഇത്ര വലിയ ഒരു പത്രപ്രവർത്തക സംഘടന വേറെയില്ല. മൂന്നു കൊല്ലത്തെ പത്രപ്രവർത്തന പരിചയമുള്ള ആർക്കും ഇതിലംഗമാകാം. അംഗത്വം നൽകുന്ന കാർഡ് വിലപ്പെട്ട ഒരു വസ്തുവാണ്; നമ്മുടെ തലസ്ഥാനങ്ങളിൽ ഗവർമ്മേണ്ടു നൽകുന്ന അക്രെഡിറേറഷൻ കാർഡിനേക്കാൾ വില അതിനുണ്ട്. അതു കാണിച്ചാൽ തുറക്കാത്ത വാതിലുകൾ ലോകത്തിൽ ചുരുക്കമാകുന്നു. തങ്ങളുടെ പാസ്സ്പോർട്ട്പോലെ, പത്രപ്രവർത്തകർ ഇതു വെയ്സ്റ്റ്കോട്ട് പോക്കററിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുന്നതു കാണാം. ജോലിക്കാരെ നിയമിയ്ക്കാനോ പിരിച്ചുവിടാനോ തികച്ചും അധികാരമുള്ള പത്രാധിപർ മുതലായവർക്ക് എൻ. യു. ജെ. യിൽ പൂർണ്ണാംഗത്വം നൽകുകയില്ല. അവക്ക് അസോഷ്യേററ് അംഗങ്ങളാകാം. ഇംഗ്ലണ്ടിലും ഐർലാണ്ടിലുമുള്ള എല്ലാ പത്രമുടകളും ആയി എൻ. യു. ജെ. ഒത്തുതീർപ്പുകളുണ്ടാക്കിയിട്ടുണ്ട്. അതനാൽ പത്രപ്രവർത്തകർക്ക സാധാരണയായി ഉടമകളുടെ വലിയ



'ടവർ ഓഫ് ലണ്ടൻ'—ഇടത്തെ അററത്തു കാണുന്ന പ്രവേശനദ്വാരമാണ് 'ട്രെയ്റേറർസ് ഗെയ്ററ്'

ഒരു പത്രപ്രവർത്തകൻ ബ്രിട്ടനിൽ-5

# ...ജെ—ബ്രിട്ടനിലെ ഏററവും വലിയ പത്രപ്രവർത്തക സംഘടന

യൂനിററണ്ടാവും. ഇതിന്നു "ചാപ്പൽ" എന്നാണ് പേർ; അതിലെ പ്രസിഡണ്ട്, സിക്രട്ടറി മുതലായ ഉദ്യോഗസ്ഥന്മാരെ "ഫാദർ", "ക്ലാക്ക്" എന്നെല്ലാം വിളിയ്ക്കുന്നു. ട്രെയ്ഡ് യൂനിയൻ-പ്രവർത്തനം ഒരു ഗൂഢാലോചനയായി കണക്കാക്കപ്പെട്ടിരുന്ന പഴയ കാലത്തിൻെറ പ്രതിഫലനമാണ് ഈ വിചിത്രമായ പേരുകളിൽ കാണുന്നതു്. എൻ. യു. ജെ.യിൽ ഒരാൾക്ക് അംഗത്വം നൽകുന്നത് "ചാപ്പലു"മായി ആലോചിച്ചാണ്. മൂന്നു കൊല്ലത്തെ പ്രവർത്തനപരിചയമുള്ള ഒരു പത്രപ്രവർത്തകന്ന് ലണ്ടനിൽ ആഴ്ചയിൽ ഇരുപതു പവനും മാഞ്ചെസ്റ്ററിൽ പതിനെട്ടു പവനും മററ സ്ഥലങ്ങളിൽ പതിനഞ്ചു പവനിലേറെയും, ആഴ്ചപ്പതിപ്പുകളിലാണെങ്കിൽ പന്ത്രണ്ടു പവനോളവും ആണ് ചുരുങ്ങിയ ശമ്പളം. പ്രായവും പരിചയവുമനുസരിച്ച് ഈ ശമ്പളം വർദ്ധിയ്ക്കും. ആണ്ടിൽ 5000 പവൻ ശമ്പളം കിട്ടുന്ന പത്രപ്രവർത്തകർ ലണ്ടനിൽ അപൂർവ്വമല്ല. മിയ്ക്ക പത്രങ്ങളും 'നാഷണൽ മിനിമ'

**എൻ. വി. കൃഷ്ണവാരിയർ**

പത്രപ്രവർത്തനത്തിലൊരു ഡിപ്ലോമ കോഴ്സ് ആരംഭിച്ചിട്ടുണ്ട്.

## പുതിയ പദ്ധതി

1952ൽ പത്രപ്രവർത്തന പരിശീലനത്തിന്ന് കുറേക്കൂടി സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിക്കപ്പെട്ടു. പത്രപ്രവർത്തനവുമായി ബന്ധപ്പെട്ട തൊഴിൽസ്സംഘങ്ങളുടെയെല്ലാം പ്രാതിനിധ്യമുള്ള "പത്രപ്രവർത്തകരുടെ പരിശീലനത്തിനുള്ള നാഷണൽ കൌൺസിൽ" ആണ് ഈ പദ്ധതി പ്രയോഗത്തിൽ വരുത്തുന്നതു്. പത്രങ്ങൾ ഇതിൽ സഹകരിയ്ക്കുന്നുമുണ്ട്. ഇംഗ്ലീഷ്ഭാഷ, സാഹിത്യം, മറേറതെങ്കിലുമൊരു വിഷയം എന്നിവയിൽ ജനറൽ സർട്ടിഫിക്കററ് നേടിയവരെയാണ് ഇതനുസരിച്ചു പരിശീലനത്തിന്നെടുക്കുക. ആറു മാസത്തെ പ്രൊബേഷൻ, മൂന്നുകൊല്ലത്തെ



ലേഖകനും കൂട്ടുകാരും ഡ്രൈവറുടെ കൂടെ

മൂന്നു സായാഹ്നപത്രങ്ങളും; സ്കോട്ട്ലണ്ടിൽ 7 പ്രഭാതപത്രങ്ങളും 8 സായാഹ്നപത്രങ്ങളും 2 രവിവാരപത്രങ്ങളും: വടക്കെ അയർലാണ്ടിൽ 3 പ്രഭാതപത്രങ്ങളും ഒരുസായാഹ്നപത്രവും; മാൻദ്വീപിൽ ഒരു പത്രവും; ചാനൽ ദ്വീപുകളിൽ ഒരു പ്രഭാതപത്രവും രണ്ട് സായാഹ്നപത്രങ്ങളും ഉണ്ടായിരുന്നെന്നു കാണുന്നു. ദിനപത്രങ്ങൾ സാധാരണയായി ഞായറാഴ്ചപ്പതിപ്പ് ഇറക്കാറില്ല. ഞായറാഴ്ചപ്പത്രങ്ങൾ വേറിട്ടൊരിനമാണ്. ഇവയ്ക്കു പുറമെ 1300 ഓളം വാരികകളും മാസികകളും മററുമുണ്ട്.

ലണ്ടനിലെ പത്തു പ്രഭാതപത്രങ്ങളും മാഞ്ചെസ്റ്റർ ഗാർഡിയനും പതിനൊന്നു രവിവാരപത്രങ്ങളുമാണ് 'ദേശീയപത്രങ്ങൾ' എന്നറിയപ്പെടുന്നത്. അച്ചടിച്ച് ഏതാനും മണിക്കൂറുകൾക്കുള്ളിൽ ഇവ ബ്രിട്ടനിലെ മിക്ക സ്ഥലത്തും എത്തിക്കഴിയും. സാധാരണ ബ്രിട്ടീഷ് പൌരൻ ഏതെങ്കിലുമൊരു ദേശീയപത്രവും ഒരു പ്രാദേശികപത്രവും വായിക്കാതിരിക്കയില്ല; കല്പരിയടുപ്പ കത്തിയ്ക്കുന്നതിന്നാവശ്യമായ കീറക്കടലാസ്സിന്നാവേണ്ടിയാണ് അയാൾ ഇത്രയധികം പത്രങ്ങൾ വാങ്ങുന്നതെന്നു് പറയാറുണ്ടെങ്കിലും ഡെയ്‌ലിഹെറാൾഡ്, ഡെയ്‌ലിവക്കർ, റെയ്നോൾഡ്സ്ന്യൂസ് എന്നീ മൂന്നുപത്രങ്ങൾ മാത്രമേ ഏതെങ്കിലും രാഷ്ട്രീയകക്ഷിയായുമായി നേരിട്ടു ബന്ധപ്പെട്ടവയായുള്ളു. മററു പത്രങ്ങൾക്കു രാഷ്ട്രീയചായ്‌വ് ഉണ്ടായിരിക്കും; പക്ഷെ സാമ്പത്തികമായി അവരുടെ പാർട്ടിയോട് ബന്ധപ്പെട്ടിരിക്കുന്നില്ല. ഡെയ്‌ലിഹെറാൾഡ് മിക്കവാറും ട്രെയ്ഡ്‌യൂനിയൻ കോൺഗ്രസ്സിൻെറ ഉടമയിലുള്ളതാണ്. റെയ്നോൾഡ്സ്ന്യൂസ് എന്ന പ്രതിവാരപത്രം സഹകരണപ്രസ്ഥാനത്തിൻെറ ഉടമയിലാകുന്നു. അതിനാലവ രണ്ടും ലേബർപാർട്ടിയുമായി ബന്ധപ്പെട്ടവയത്രെ. ഡെയ്‌ലിവക്കർ കമ്യൂണിസ്റ്റ്പാർട്ടിയുടെ മുഖപത്രമാണ്. ദേശീയപത്രങ്ങളുടെ ഉടമകളാരും രാഷ്ട്രീയ പ്രവർത്തകരല്ല. അതിനാൽ അവർ പാർട്ടി പരിപാടികളുമായി സൌകര്യംപോലെ യോജിക്കുകയോ വിയോജിക്കുകയോ ചെയ്യുന്നു. പത്രശൃംഖ

